HON'BLE MR. A. THANU PILLAI : ഇന്നത്തെ ഭക്ഷ്യനിലയെ പരിഗണിച്ച് ഈ നിയന്ത്രണം നീക്കാൻ ഗവണ്മെൻറിനു സാദ്ധ്യമല്ല.

ഇലക്ട്രിസിറ്റി.

86. MR. P. NANU (*Chirayinkil II—General*) : താഴെപറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ആറ്റുങ്ങൽ മുനിസിപ്പാലിറ്റിയിൽ ഇലക്ട്രിസിറ്റി നടപ്പാക്കുന്നതിനു കാലതാമസം നേരിട്ടുകൊണ്ടിരിക്കുന്നതു് എന്തുകൊണ്ടാണു് ?

HON'BLE MR. A. THANU PILLAI : ഈ ലൈൻ കംപ്ലീറ്റ്ചെയ്യുന്നതിനു് ആവശ്യമായ സാമഗ്രികൾ കിട്ടാത്തതുകൊണ്ടാണു്.

MR. P. NANU : ഇപ്പോൾ ഗവണ്മെൻറിന്റെ കൈവശം ആവശ്യമുള്ള സാധനങ്ങൾ ഇല്ലേ ?

HON'BLE MR. A. THANU PILLAI : അതിനുപയോഗിക്കത്തക്ക സാമഗ്രികൾ ഇല്ല.

Forest Industries.

87. MR. P. T. CHACKO : Will the Honourable Minister for Industries be pleased to state;

(*a*) whether petrol is given to the Forest Industries, Travancore;

(*b*) If so what is the quantity allotted per month;

(*c*) Whether petrol is allotted separately to the vehicles used by the company; and

(*d*) If so why this duplication is permitted ?

HON'BLE MR. A. THANU PILLAI : (എ) കൊടുക്കുന്നുണ്ടു്.

(ബി) മാസംതോറും നാലായിരത്തിനും ഏഴായിരത്തിയഞ്ഞൂറിനും മദ്ധ്യേ കൊടുക്കുന്നുണ്ടു്.

(സി) കൊടുക്കുന്നില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

MR. P. T. CHACKO : എഫ്. ഐ. ടി.ക്കു് കൊടുക്കുന്ന പെട്രോൾ ഏതു വാഹനങ്ങളാണു് ഉപയോഗിക്കുന്നതെന്നു് ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. THANU PILLAI : അവർക്കു് വിറകടിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾക്കു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO : ആ വാഹനങ്ങളുടെ രജിസ്റ്റർ നമ്പരുകളുള്ള ലിസ്റ്റ് ഗവണ്മെൻറിനുണ്ടോ ?

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസു വേണം.

MR. P. T. CHACKO : എഫ്. ഐ. ടി-ക്കു് കൊടുക്കുന്ന പെട്രോൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കു് തിരുവിതാംകൂറിൽ ആവശ്യമായ അനുവാദമെങ്കിലും ഉണ്ടോ എന്നു് ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. THANU PILLAI : ഉണ്ടായിരിക്കണം. എന്തായാലും ആ ചോദ്യത്തിനു് നോട്ടീസുവേണം.

MR. P. T. CHACKO : എഫ്. ഐ. ടി-ക്കു് അടുത്തുള്ള സ്ഥലങ്ങളിലെല്ലാം ബ്ലാക്കു് മാർക്കറ്റിൽ പെട്രോളിൻെറ വില കൂടുവാണെന്നു ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. THANU PILLAI : അറിയാൻ പാടില്ല.

MR. P. T. CHACKO : ലൈസൻസില്ലാത്ത വാഹനങ്ങൾ അവിടെ ഓടിക്കുന്നുണ്ടായെന്ന വിവരം ഗവണ്മെൻറന്വേഷിക്കുമോ ?

MR. HON'BLE MR. A. THANU PILLAI : അന്വേഷിക്കാം.

MR. R. V. THOMAS (*Meenachil II—General*): പ്രതിമാസം തിരുവിതാംകൂറിലേക്കു് എത്ര പെട്രോൾ കിട്ടുന്നുണ്ടു്.

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസു വേണം.

MR. KANNARA GOPALA PANICKER (*Tiruvella II—General*) : എഫ്. ഐ. ടി-ക്കു് സമീപം വച്ചു് രണ്ടു ലോറികൾ കൂട്ടിയിടിക്കുകയും തൻമൂലം ഒരാൾ മരിക്കുകയും പെടുത്തുകിലും അതിലൊരു ലോറിയുടെ ഉടമസ്ഥൻ ആരാണെന്നു് ഇതുവരെ അറിവായിട്ടില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. THANU PILLAI : ഈ ചോദ്യവുമായി ഒരു ബന്ധവുമില്ലാത്തതാണു്. അതറിഞ്ഞുകൂടാ.

Purchase of Paddy.

88. MR. K. S. JOSEPH (*Tiruvalla VI—General* : Will the Honourble Minister for Food be pleased to state;

(*a*) the price inclusive of bonus that they pay for the paddy that they procure from agriculturists and land-owners;

LIBRARY ARCHIVES Kerala Legislative Assembly